**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2017 – ഘോഷയാത്രയിൽ പങ്കെടുക്കുന്ന പഞ്ചായത്തുകൾക്ക് തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം.447 /2017/തസ്വഭവ    തിരുവനന്തപുരം, തീയതി, 16.02.2017

==================================================================

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 14.02.2017-ലെ ജി2-33030/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2017 ഫെബ്രുവരി 18, 19 തീയതികളിലായി കണ്ണൂരിൽ വച്ച് നടത്തുന്ന പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ പങ്കെടുക്കുന്ന കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഘോഷയാത്ര ആരംഭിക്കുന്ന സ്ഥലത്ത് എത്തിക്കുന്നതിനും മടക്കികൊണ്ട് പോകുന്നതിനും യാത്രാ ചെലവിനത്തിലും, വാദ്യമേളം മുതലായവ അവതരിപ്പിക്കുന്നതിനുമായി 10,000 രൂപ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ച 2017 ഫെബ്രുവരി 18, 19 തീയതികളിലായി കണ്ണൂരിൽ വച്ച് നടത്തുന്ന പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ പങ്കെടുക്കുന്ന കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഘോഷയാത്ര ആരംഭിക്കുന്ന സ്ഥലത്ത് എത്തിക്കുന്നതിനും മടക്കികൊണ്ട് പോകുന്നതിനും യാത്രാ ചെലവിനത്തിലും, വാദ്യമേളം മുതലായവ അവതരിപ്പിക്കുന്നതിനുമായി 10,000 രൂപ കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. ഡി.സുനിൽ കുമാർ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)

കണ്ണൂർ ജില്ലയിലെ എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ